**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5304** **12-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ പ്രത്യേകിച്ചും മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ് മൂലം തൊഴിൽ രഹിതരായി സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. കോവിഡ് മൂലം മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭ പദ്ധതികൾ തുടങ്ങുന്നതിനുമായി രൂപം കൊടുത്തിട്ടുള്ള മറ്റൊരു പദ്ധതിയാണ് പ്രവാസി ഭദ്രത. 2021-22 -ൽ ഈ പദ്ധതിയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന സ്കീമുകൾ വിഭാവനം ചെയ്യുന്നു. (1) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പ പദ്ധതിയായ നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (2 ലക്ഷം രൂപ വരെയുള്ള വായ്പകൾ ലഭിക്കുന്നു) (2) മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (ടി പദ്ധതിയിൽ 5 ലക്ഷം രൂപവരെയുള്ള സംരംഭകത്വ വായ്പകൾക്ക് 1 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നൽകുന്നു) (3) മെഗാ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (കെ.എസ്.ഐ.ഡി.സി) മുഖേന 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെയുള്ള സംരംഭങ്ങൾക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നു). എന്നാൽ പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് ഒരു ജില്ലയ്ക്കായി പ്രത്യേകം പദ്ധതികൾ നിലവിലില്ല. |
| (ബി) | മലപ്പുറം ജില്ലയിൽ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ | (ബി) | കോവിഡ് മൂലം തൊഴിൽ രഹിതരായി സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് |

| | | | |
|---|---|---|---|
| | ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ? | | സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. കോവിഡ് മൂലം മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സംരംഭ പദ്ധതികൾ തുടങ്ങുന്നതിനുമായി രൂപം കൊടുത്തിട്ടുള്ള മറ്റൊരു പദ്ധതിയാണ് പ്രവാസി ഭദ്രത. 2021-22 -ൽ ഈ പദ്ധതിയ്ക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന സ്കീമുകൾ വിഭാവനം ചെയ്യുന്നു. (1) കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പ പദ്ധതിയായ നാനോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (2 ലക്ഷം രൂപ വരെയുള്ള വായ്പകൾ ലഭിക്കുന്നു) (2) മൈക്രോ എന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം (ടി പദ്ധതിയിൽ 5 ലക്ഷം രൂപവരെയുള്ള സംരംഭകത്വ വായ്പകൾക്ക് 1 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നൽകുന്നു) (3) മെഗാ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (കെ.എസ്.ഐ.ഡി.സി) മുഖേന 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെയുള്ള സംരംഭങ്ങൾക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നു). എന്നാൽ പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് ഒരു ജില്ലയ്ക്കായി പ്രത്യേകം പദ്ധതികൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ